2. അപേക്ഷിച്ച സംഖ്യ,

3. അപേക്ഷ കിട്ടിയ തിയ്യതി,

4. ഓരോ അപേക്ഷകളിന്മേൽ ഉണ്ടായ തീർപ്പിന്റെ മുക്കവും തിയ്യതിയും,

5. അനുവദിച്ച സംഖ്യ,

6. പരിശയുടെ തോത്,

7. മടക്കി അടക്കുന്നതിനേപ്പറ്റിയുള്ള നിശ്ചയങ്ങൾ.

റാവു സാഹിബ് മിസ്റ്റർ. ടി. വി. കസ്തൂരിരങ്കയ്യർ

(a) ഉവ്വ്.

(b) 1,09,152 രൂ. കൃഷിസഹായധനകടവായ്പയായി കൊടുത്തിട്ടുണ്ട്. 1,821 അപേക്ഷകന്മാരിൽ 992 പേർക്ക് സംഖ്യ കൊടുത്തിട്ടുണ്ട്. വായ്പസംഖ്യ മടക്കി അടക്കുന്നതിനേപ്പറ്റിയുള്ള നിശ്ചയങ്ങൾ ലാൻഡ് റവന്യൂ മാനുവൽ 10-ാം അദ്ധ്യായത്തിലുണ്ട്.

ഇതിൽ കൂടുതൽ വിവരം തരുവാൻ സാധിക്കുന്നതല്ല.

മിസ്റ്റർ കല്ലിങ്ങാട്ട് ശങ്കരൻനമ്പൂതിരി.

1,821 അപേക്ഷകളിൽ 992 അപേക്ഷയ്ക്കു സംഖ്യ കൊടുത്തിട്ടുള്ളു എന്നു പറയുന്നു. ബാക്കി ഉള്ള അപേക്ഷകൾ തള്ളിക്കളഞ്ഞതാണോ? അതിൽ വല്ലതും ഇപ്പോഴും നിലവിൽ ഇരിക്കുന്നുണ്ടോ?

റാവുസാഹിബ് മിസ്റ്റർ. ടി. വി. കസ്തൂരിരങ്കയ്യർ.

മിക്കതും സംഖ്യ ആവശ്യമില്ലെന്നു പറയുകയാൽ അക്കാലത്തു തന്നെ തള്ളിക്കളഞ്ഞു. ചിലതു് ഇപ്പോഴും നിലവിൽ ഇരിക്കുന്നുണ്ട്.

Petitions in the matter of quarryig laterite and granite stones from *patta* lands.

മിസ്റ്റർ കല്ലിങ്ങാട്ട് ശങ്കരൻ നമ്പൂതിരി.

219. (a) സ്വന്തം സ്ഥലങ്ങളിൽ നിന്നു് കല്ല്, മണ്ണ്, മുതലായതു് എടുക്കുന്ന കാര്യത്തിൽ ഇപ്പോഴുള്ള അസൌകര്യങ്ങൾ ഇല്ലാതാക്കിത്തരണമെന്നു് കാണിച്ചു് വല്ല അപേക്ഷകളും ഗവർമ്മേണ്ടിനു് കിട്ടീട്ടുണ്ടോ?

(b) ഉണ്ടെങ്കിൽ അതിന്മേൽ എന്തെല്ലാം നടപടികളാണു് ഗവർമ്മേണ്ടു് നടത്തീട്ടുള്ളതെന്നു് ദയവുചെയ്തു് പറയാമോ?

റാവുസാഹിബ് മിസ്റ്റർ. ടി. വി. കസ്തൂരിരങ്കയ്യർ.

(a) 1095 കർക്കടകമാസത്തിൽ വടക്കാഞ്ചേരിയിൽ വെച്ചു് കൂടിയ താലൂക്കുയോഗത്തിൽ വെച്ചു് പ്രസ്തുത വിഷയം ഗവർമ്മേണ്ടിന്റെ ദൃഷ്ടിയിൽ പെടുകയുണ്ടായി.

(b) ഗവർമ്മേണ്ടിൽ നിന്നും മതിയായ അന്വേഷണങ്ങൾ നടത്തി ഇപ്പോഴുള്ള ചട്ടങ്ങളെ ഭേദപ്പെടുത്തുവാൻകാരണം കാണുന്നില്ലെന്നു് തീർച്ചയാക്കിയവിവരം ഗവർമ്മേണ്ടു് റവന്യൂഡിപ്പാർട്ടുമെണ്ടു് 1921 ഏപ്രിൽ 7-ാംനു-ത്തെ 96-ൽ സി. 27-ാംനമ്പു് ഉത്തരവിൽ നിന്നു് കിട്ടുന്നതാണു് ഉത്തരവിന്റെ ഒരു പ്രതി മേശപ്പുറത്തു് വെച്ചിട്ടുണ്ടു്. (അനുബന്ധം അനുബന്ധം നോക്കുക.)

LIBRARY ARCHIVES Kerala Legislative Assembly